# കേരളം ഭരിച്ചവർക്ക് ഒരു ലക്ഷ്യമുണ്ടായിരുന്നു ഭൂരഹിതർക്ക് ഭൂമി നൽകരുത് എന്ന ലക്ഷ്യം

എം.ബി. മനോജ്

മാർക്സിസ്റ്റുകൾ എക്കാലവും പറയും ഇന്ത്യ ഒരു വർഗ്ഗ സമൂഹത്തിന്റെ മാതൃകയിൽ നിലനിന്ന സമൂഹമാണെന്ന്. കേരളവും അതിൽ നിന്നും ഒട്ടും ഭിന്നമല്ല എന്ന്. സാക്ഷാൽ ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് പോലും ഇങ്ങനെ ചിന്തിച്ച് ഡോ. അംബേദ്കറുടെ നിലപാടുകളെ തള്ളിപ്പറയുകയായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ കൊച്ചുമകൻ ഹരീഷ് ദാമോദരൻ നടത്തിയിട്ടുള്ള പഠനങ്ങളിൽ ഇന്ത്യൻ വ്യവസായ മൂലധനത്തിൽ എങ്ങനെ ജാതി പ്രവർത്തിക്കുന്നു എന്ന് കാണിച്ചുതരുന്നുണ്ട്. ദക്ഷിണേന്ത്യയിൽ കച്ചവടത്തിന് ജാതി ശക്തമല്ലാത്ത പ്രതിഫലനം നിർമ്മിച്ചിട്ടുണ്ട്. നാടാർ, ഈഴവർ, വർമ്മ, റെഡ്ഡി, നായിഡു, ഗൗണ്ടർ എന്നിവയിൽ സാധ്യതയൊരുക്കിയിട്ടുണ്ട്. മറിച്ച് ദളിതർക്ക് കച്ചവടം സാധ്യമാകാതിരിക്കുന്നതിനെ ചൂണ്ടിക്കാട്ടുന്നുണ്ട്. ഒരുപക്ഷെ മുത്തച്ഛൻ ഉയർത്തിവിട്ട തെറ്റിനെ കൊച്ചുമകൻ ന്യായീകരിക്കുന്നില്ല എന്നത് ആശ്വാസകരമാണ്. ഇന്ത്യയിലെ മാർക്സിസ്റ്റുകൾ ഇതിനെ അംഗീകരിച്ചില്ലെങ്കിൽ പോലും (Harish Damodaran, India'd New Capitalists Caste, Business, and Industry in a modern Nation, Permenent black)

കേരളത്തിലെ ഭൂമി അധികാരത്തെക്കുറിച്ച് ഇനിയും പരിശോധിച്ചാൽ സിമ്പോളിക് ക്യാപിറ്റലുകളുടെ (പ്രതീകാത്മക മൂലധനങ്ങളുടെ) വിനിമയത്തിൽ നിന്നും ദളിതർ എങ്ങനെ നിരന്തരം പുറത്താക്കപ്പെടുന്നു എന്ന് ബോധ്യമാവും. ചെങ്ങറ ഭൂസമരം ഉയർന്നുവന്നപ്പോൾ കമ്മ്യൂണിസ്റ്റ് സർക്കാർ എന്ന ഇന്ത്യൻ യൂണിയനിലെ സർക്കാർ കൊമ്പും മുള്ളും ഉള്ള പോലീസിനെ വിട്ട് സമരത്തെ ഇല്ലാതാക്കും എന്നാണ് പ്രതികരിച്ചത്. ഈ ഗവൺമെന്റ് ഭൂ അവകാശത്തിൻ നിന്നും ദളിതരെ പുറന്തള്ളുന്നതിന്റെ ആധുനികോത്തരമായ ഉദാഹരണമാണ് ഈ സമീപനം. ഈ ഗവൺമെന്റ് പലവിധത്തിൽ തെറ്റുകാരായിത്തീരുന്നുണ്ട്. ഒന്ന് ഇന്ത്യൻ ഭരണഘടന ആവശ്യപ്പെടുന്ന ജനാധിപത്യ ഉറപ്പുകൾ പോലും നിറവേറ്റുന്നതിൽ ഈ മന്ത്രി തൽപരർ അല്ല. ഭൂമിയുടെ ദേശസാത്കരണം എന്ന മാതൃകയെ ഈ സർക്കാർ പുറന്തള്ളുകയും മുതലാളിത്തത്തിന് വീടു പണിചെയ്യുന്ന സർക്കാരായി മാറിത്തീരുകയും ചെയ്തിരിക്കുന്നു.

അംബേദ്കറെ പല്ലും നഖവും ഉപയോഗിച്ച് മുതലാളിത്തത്തിന്റെ വക്താവ് എന്ന് നിരന്തരം ആക്ഷേപിച്ച ഇ.എം.എസ്സിന്റെ പ്രായോഗിക/ദാർശനിക സമീപനം തികഞ്ഞ മുതലാളിത്ത സേവനം മാത്രമാണെന്ന് ഇനിയും ഇത്തരം കമ്മ്യൂണിസ്റ്റു പാർട്ടികളിൽ അടിമകളായി കഴിഞ്ഞു കൂടുന്ന ദളിത-ദരിദ്രർ മനസ്സിലാക്കിയിട്ടില്ല. ഡോ. അംബേദ്കർ ഭൂമിയെ സംബന്ധിച്ച് നടത്തിയ ഭാവി പദ്ധതികളിൽ പ്രധാനമായത് ഭൂമിയുടെ ദേശസാത്കരണമായിരുന്നു. ഇങ്ങനെയൊരു ശ്രമം കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളായ ക്യൂബയിലും, ചൈനയിലും നടക്കുകയും വിജയിപ്പിക്കുകയും ചെയ്തിരുന്നു. സൗത്ത് കൊറിയ, തായ്വാൻ, ജപ്പാൻ തുടങ്ങിയിടങ്ങളിലും ഈ രീതി വിജയിച്ചിട്ടുണ്ട്.

ഭൂപരിഷ്കരണങ്ങൾക്ക് ശ്രമിച്ച ബംഗാളും, കേരളവും അടിസ്ഥാന ജനതയെ ഭൂമിയിൽ നിന്ന് ആട്ടിപ്പുറത്താക്കികൊണ്ടാണ് ഭൂപരിഷ്കരണം എന്ന പേരിൽ ഭൂകേന്ദ്രീകരണം സൃഷ്ടിച്ചത്. അതിന്റെ ദാരുണമായ പ്രതിഫലനങ്ങൾ കേരളത്തിൽ ദളി

**അംബേദ്കറെ പല്ലും നഖവും ഉപയോഗിച്ച് മുതലാളിത്തത്തിന്റെ വക്താവ് എന്ന് നിരന്തരം ആക്ഷേപിച്ച ഇ.എം.എസ്സിന്റെ പ്രായോഗിക/ദാർശനിക സമീപനം തികഞ്ഞ മുതലാളിത്ത സേവനം മാത്രമാണെന്ന് ഇനിയും ഇത്തരം കമ്മ്യൂണിസ്റ്റു പാർട്ടികളിൽ അടിമകളായി കഴിഞ്ഞു കൂടുന്ന ദളിത-ദരിദ്രർ മനസ്സിലാക്കിയിട്ടില്ല. ഡോ. അംബേദ്കർ ഭൂമിയെ സംബന്ധിച്ച് നടത്തിയ ഭാവി പദ്ധതികളിൽ പ്രധാനമായത് ഭൂമിയുടെ ദേശസാത്കരണമായിരുന്നു. ഇങ്ങനെയൊരു ശ്രമം കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളായ ക്യൂബയിലും, ചൈനയിലും നടക്കുകയും വിജയിപ്പിക്കുകയും ചെയ്തിരുന്നു.**




തരെ പ്രത്യേക ആവാസ സമൂഹമാക്കി പരിവർജ്ജിക്കുക മാത്രമായിരുന്നു. ലക്ഷം വീട്, കോളനികൾ എന്ന പേരിൽ പരിവർജ്ജിതരായ ഈ ജനസൂഹത്തിന്റെ ജീവിതവും ജാതി വ്യവസ്ഥയുടെ തുടർച്ചയുടെ പ്രതിരൂപങ്ങളായി നിൽക്കുന്നു. ഇന്ത്യൻ ഭരണഘടനയെ മുതലാളിത്ത ഭരണഘടനയെന്ന് വ്യാഖ്യാനിക്കുകയും യഥാർത്ഥ വിപ്ലവത്തിനുവേണ്ടി അടിത്തട്ടുപണിയുകയും ചെയ്യുന്നു എന്ന് പ്രചരണം നടത്തുന്ന മാർക്സിസ്റ്റു പാർട്ടികൾ, ഇതേ പാർലമെന്റിലും, നിയമസഭയിലും പ്രവേശിക്കാൻ എന്തുതരത്തിലുള്ള അടവുനയവും സ്വീകരിക്കുന്നതിലും മടി കാണിക്കുന്നതുമില്ല. ആവശ്യമില്ലാത്ത ഒന്നിനു വേണ്ടിയുള്ള ഈ താല്പര്യം കപടതയും തന്ത്രവും അധികാരത്തിന്റെ നിരന്തര ഉപയോഗിക്കലും മാത്രമാണെന്ന് ദളിതരും – ദരിദ്രരും മാത്രം ഇനിയും മനസ്സിലാക്കിയിട്ടില്ല.

ഭൂമിയുടെ അധികാരത്തിൽ നിന്നുള്ള ദളിതരുടെ പരിവർജ്ജനത്തിന്റെ തുടർച്ചയുടെ ഉദാഹരണമാണ് ലക്ഷം വീട് പുതുക്കി പണിയാൻ ലോട്ടറി വിൽക്കുന്ന സർക്കാർ പദ്ധതി. 1600 കോടി രൂപ നഷ്ടപ്പെടുത്തുകയും, വിനിയോഗിക്കാതെ കളയുകയും ചെയ്ത മൂന്നു വർഷത്തെ ചരിത്രമാണ് ഇന്നത്തെ ഗവൺമെന്റിനു മുന്നിലുള്ളത്. പട്ടിക ജാതി ഡയറക്ടറേറ്റിന്റെ നിർമ്മാണത്തിന്റെ പേരിൽ മാത്രം 10 കോടി രൂപയോളം വർഷാവർഷം എഴുതിക്കാണിച്ച് ലാപ്സാക്കുന്ന സർക്കാരണ് നമുക്കു മുന്നിലുള്ളത്. കോടിക്കണത്തിന് രൂപയാണ് കേന്ദ്രത്തിൽ നിന്നും ഇനിയും വാങ്ങിയെടുക്കാൻ കേരള സർക്കാറിന് കഴിഞ്ഞിട്ടില്ലാത്തത്. പ്രതിവർഷം ഏറ്റവും മോശമായി ചെലവാക്കിയാൽ പോലും 700കോടി രൂപയോളം കൈകാര്യം ചെയ്യേണ്ടുന്ന ഒരു വകുപ്പാണ് പട്ടികജാതി / വർഗ്ഗവകുപ്പ് . എന്നാൽ ഇന്ന് അവിടെ ഒരു മന്ത്രിയില്ല. പകരമുള്ളത് വൈദ്യുത മന്ത്രിയാണ്. ചിലസമയങ്ങളിൽ ഇത് സ്പോർട്ട്സ് മന്ത്രിയോ, സാംസ്കാരിക മന്ത്രിയോ ഒക്കെയായി ചുരുങ്ങുന്നു. ദളിതരുടെ അസംഘടിതാവസ്ഥയിലൂടെയാണ് ഇത്തരം ഉത്തരവാദിത്വമില്ലായ്മ നിരന്തരം തുടരുന്നത്.

ഇങ്ങനെയുള്ള ഉത്തരവാദിത്വമില്ലായ്മയുടെ തുടർച്ചയ്ക്കു മേൽ നിർമ്മിക്കുന്ന പരിഹാസം മാത്രമാണ് ലക്ഷം വീട് പരിഷ്കരിക്കുവാനുള്ള ലോട്ടറി വിൽപ്പന, അത് ദളിതരെ അപമാനിക്കൽ മാത്രമാണ്. ജനാധിപത്യ അവകാശത്തിൽ നിന്നും പരിവർജ്ജിക്കുന്ന ഈ അപമാനിക്കലിന്റെ സാമൂഹ്യശാസ്ത്രത്തെ വിറ്റ് വോട്ടാക്കാനും സിമ്പതിയുണ്ടാക്കാനുമുള്ള മാർക്സിയൻ തന്ത്രങ്ങൾ മാത്രമേ ആകുന്നുള്ളൂ ഇത്തരം പേക്കൂത്തുകൾലക്ഷം വീടുകളിലെ അധിക കുടുംബങ്ങളെ എന്തുചെയ്യും എന്ന് ഗവൺമെന്റ് വ്യക്തമാക്കുന്നില്ല. അനൗദ്യോഗിക കോളനികളും ആവാസ ഇടങ്ങളും എത്രമാത്രം പെരുകിയിരിക്കുന്നു എന്ന് സർക്കാരിന് അറിയേണ്ട കാര്യമല്ല. അത്തപം പഠനങ്ങളൊന്നും നടക്കുന്നതുമില്ല. ഇങ്ങനെയൊരു സാമൂഹ്യാവസ്ഥയിലും മൂന്നു സെന്റും ലക്ഷം വീട് പുനരുദ്ധാരണവും കൊണ്ട് ദളിത് പ്രശ്നങ്ങൾ പരിഹരിക്കാമെന്നുള്ള തികച്ചും കപടമായ സമീപനത്തിലാണ് ഈ സർക്കാർ (കഴിഞ്ഞു പോയ സർക്കാറിനെപോലെതന്നെ) ഇ.എം. എസിന്റെയും മറ്റും മാർക്സിയൻ വിലയിരുത്തൽ ഒരു പാർലമെന്ററി വലതുപക്ഷ ഗവൺമെന്റിന് യഥാർത്ഥ അധികാരം നൽകാനാവില്ല എന്നും കുറച്ച് ക്ഷേമപ്രവർത്തനങ്ങളിൽ ഒതുങ്ങും എന്നും പലപ്പോഴും ഉയർത്തിപ്പിടിച്ചിട്ടുള്ള നിലപാടുകളാണ്. എന്നാൽ കേരളത്തിൽ ഈ വർത്തമാനഘട്ടത്തിലുംഭൂമിക്കു മേലുള്ള ദളിതരുടെ അവകാശത്തെ നിഷേധിക്കുകയും ചിലക്ഷേമ പ്രവർത്തനങ്ങൾ മാത്രം ചെയ്ത് വോട്ടു പിടുങ്ങാൻ ശ്രമിക്കുന്ന

മാർക്സിയൻ പാർട്ടികളെ ഏതു തരത്തിലുള്ള ഭരണകൂടസമീപനമുള്ളവരാണ് വിലയിരുത്തേണ്ടത്.

1957 ലെ രാഷ്ട്രീയാധികാരത്തിനുശേഷം വിഭവങ്ങളിൽമേലുള്ള അധികരാങ്ങളും, സമുദായവർക്കരണവും, രാഷ്ടരീയാധികാരവും ഒന്നിച്ചു സമാഹരിക്കാൻ ഒരു ജനതയെന്ന നിലയിൽ ദളിതർക്കു കഴിഞ്ഞിട്ടില്ല. എന്നാൽ ദളിതസമാനരായ ജനസമൂഹങ്ങളും സമുദായങ്ങളും (Ex untachabels) ഇവ നേടിയെടുത്തു എന്ന കാര്യം സൂക്ഷ്മമായ ചില നിരീക്ഷണങ്ങൾക്ക് കാരണമാകുന്നുണ്ട്. രാഷ്ട്രീയാധികാരത്തിന്റെ പിൻബലം ഈ വിഭാഗങ്ങളെ ഇത്തരം നേട്ടങ്ങൾക്കു സഹായിച്ചു എന്ന യഥാർത്ഥത്തെ മറച്ചുവയ്ക്കാൻ കഴിയില്ല. കേരളം ഭരിച്ച ഇടതു വലതു പാർട്ടികളിൽ ജാതിവ്യവസ്ഥയുടെ ഉയർച്ച താഴ്ചകൾ സമാന രൂപത്തിൽത്തന്നെയാണ് പ്രവർത്തിച്ചിട്ടുള്ളത്. ദളിതരെ പരിവർജ്ജിതരാക്കുക മാത്രമല്ല ഇതരസമുദായങ്ങൾക്ക് ഭൂമിയിലും വിഭങ്ങളിലുള്ള സ്ഥാനം ഉറപ്പിച്ചു കൊടുക്കാനും അത് പ്രയത്നിച്ചു. സംവരണത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ ബോധത്തിൽ നിന്നും ന്യൂനപക്ഷങ്ങളെയും പിന്നോക്കരെയും മാറ്റിക്കൊണ്ടുപോവുകയും അതേസമയം 10% മാത്രം സംവരണമുള്ള 25% വരുന്ന ദളിതരെയും ആദിവാസികളെയും മുഴവൻ സംവരണവും തിന്നുന്ന തീറ്റിപ്പണ്ടാങ്ങൾ എന്ന് പരസ്യമായി അപമാനിക്കാനും ഈ പാർട്ടികൾ ശ്രമിച്ചു. ഭൂമിയും അധികാരവും രാഷ്ട്രീയപാർട്ടികളിലല്ല വിതരണം നടന്നത് അതിനുള്ളിലെ ജാതികളിലായിരുന്നു. ദളിതരെയും പിന്നോക്ക ന്യൂനപക്ഷങ്ങളെയും ദാർശനികമായി അകറ്റിനിർത്തിക്കൊണ്ടുള്ള വർഗ്ഗസമര പദ്ധതിയെന്ന അതിയാന്ത്രിക സമീപനമാണ് മാർക്സിസ്റ്റ് ബോധം കേരളത്തിൽ പ്രവർത്തിച്ചത്.

ഭൂമിയിന്മേൽ നടത്തിയ ഇടപെടലുകളെ ഈ രീതിയിൽ പരിശോധിച്ചാൽ അതിസൂക്ഷ്മമായ ജാതിവ്യവസ്ഥയുടെ ഭീകരത കാണുവാൻ കഴിയും. കോളനിയിലേക്കും മറ്റും ആട്ടിയോടിക്കുക മാത്രമല്ല യാതൊരു സ്ഥിരതയുമില്ലാത്ത ചേരികളുടെ വളർച്ചയും കേരളത്തിൽ നടന്നു. മധ്യകേരളത്തിലുടനീളം റെയിൽവേപുറ

**ഭൂമിക്ക് അവകാശം നൽകാതെ, ഭൂമിയിൽ പണിയാൻ, ആവശ്യപ്പെടുകയും ഇതര സമുദായങ്ങൾ മറ്റു സാമ്പത്തിക മേഖല കണ്ടെത്തുകയൊ സൃഷ്ടിക്കുകയൊ ചെയ്തപ്പോൾ ദളിതർ പരമ്പരാഗത ജാതി അടിമത്തത്തിന്റെ ബലതന്ത്രങ്ങളിൽ നിന്നും മാറുവാൻ തീരുമാനിച്ചു. പുതിയതൊഴിൽ മേഖല തേടിത്തുടങ്ങി. ഈയൊരു സാമൂഹ്യ ചലനത്തെയാണ് ഇപ്പോൾ കൃഷിപ്പണിക്ക് ആളെക്കിട്ടുന്നില്ല എന്നപേരിൽ സവർണ്ണകർഷകർ അവരുടെ സവർണ്ണ മാധ്യമങ്ങളിലൂടെ എക്കാലവും പ്രചരിപ്പിച്ചത്.**

മ്പോക്കുകയും കോളനികളും രൂപം കൊണ്ടപ്പോൾ പടിഞ്ഞാറ് ചതുപ്പുകളിലേക്കും, കിഴക്ക് തരിശ് കുന്നുകളുടെ പുറമ്പോക്കുകളിലേക്കും ഈ ആവാസ വ്യവസ്ഥ സ്ഥാനപ്പെട്ടു. ആയിരക്കണക്കിന് കോളനികളെ പ്രശ്നബാധിത പ്രദേശമായി പോലീസ് വിലിയിരുത്തുന്നതിന് ഇത് ഇടയാക്കി. കേരളം ഭരിച്ച കമ്മ്യൂണിസ്റ്റ് ഗവൺമെന്റുകൾ നിർമ്മിച്ച തൊഴിലാളി വർഗ്ഗ ജീവിതം എന്ന സ്വപ്നപദ്ധതിയിൽപെട്ട് ഭാവി തുലഞ്ഞുപോയ രണ്ടു തലമുറ ഈ കോളനികളിൽ വൃദ്ധരും, രോഗികളുമായി ഇന്നും ശയിക്കുന്നുണ്ട്. അതിനെ വിമർശനപരമായി കാണുന്ന ദളിത് നിരീക്ഷണങ്ങളെ വർഗ്ഗശത്രുക്കളായിക്കാണുന്നതിലും മാർക്സിസ്റ്റുകൾ വിജയിച്ചു.

ദളിതരിലെ അരാഷ്ട്രീയവൽക്കരണവും, അന്ധവിശ്വാസവും രോഗവും അനാരോഗ്യവും ഒന്നുപോലെ ദളിതർക്കുമേൽ അടിച്ചേൽപ്പിക്കുന്നതിൽ ഭരിച്ചു കൊണ്ടിരുന്ന പാർട്ടികൾവിജയിച്ചുകൊണ്ടിരുന്നു. ഹൈന്ദവ ദൈവങ്ങൾക്കും, പെന്തകോസ്തൽ .......കരണങ്ങൾക്കും വഴിയൊരുക്കാൻ ഈ കോളനിവ്യവസ്ഥയ്ക്കു കഴിഞ്ഞു. തോട്ടം ഭൂമിയിൽ അധികാരം നില നിൽത്തിയവർക്കു മേൽ സർക്കാറിന്റേതായി യാതൊരു അവകാശവും നിലനിർത്തിയില്ല. സർക്കാർ രണ്ടു രീതിയിൽ പരാജയപ്പെട്ടു (വിജയിച്ചു). അടിസ്ഥാനജനതയ്ക്ക്, ഭൂമിയിൽ കായികാധ്വാനം നടത്തുന്ന മണ്ണിന്റെ മക്കൾക്ക് ഭൂമി കൊടുക്കാതിരിക്കുന്നതിൽ സർക്കാറുകൾ വിജയിച്ചു. കൃഷി ഭൂമി കൈവശപ്പെടുത്തിയ മധ്യവർഗ്ഗ-സമ്പന്ന-സവർണ്ണ-തോട്ടം -മുതലാളി-വിദേശ കുത്തകകളെ സർക്കാറിന് കീഴിൽ കൊണ്ടുവരുന്നതിലും സർക്കാർ പരാജയപ്പെട്ടു. (പരാജയപ്പെട്ടു എന്ന് നടിച്ചു കൊണ്ട് വിജയിച്ചു).

ഭൂമി തരിശു കിടക്കുകയും ഉടമകൾ വിദേശ / സ്വദേശ / കച്ചവട / തൊഴിൽ / വിനിമയ മേഖലകളിലേക്ക് പ്രവേശിച്ചു. ഭൂമിയിന്മേലുള്ള അവകാശത്തിൽ നിന്നും പിൻമാറിയ സർക്കാറുകൾ നോക്കുകുത്തികളായികൊണ്ടിരുന്നു. (നോക്കുകുത്തികളാണെന്ന് നടിച്ചുകൊണ്ട് വിജയിച്ചു) ഭൂമിയുടെ യഥാർത്ഥ ഉടമയെ മണ്ണിൽ നിന്നും പുറത്താക്കി. അവർക്ക് ഭൂമി നൽകുവാൻ നിരവധി സാധ്യതകൾ തുറന്നു കിടന്നിരുന്നു. തോട്ടം ഭൂമി സ്വകാര്യ തോട്ടം ഭൂമി , ബെൽറ്റു കാടുകൾ, പുതുവൽ ഭൂമി, കുത്തകപ്പാട്ട ഭൂമി,. വിദേശ-സ്വദേശ ക്കമ്പനികൾ കൈവശം വച്ചിരുന്ന പാട്ടഭൂമി, സർക്കാർ മിച്ചഭൂമി എന്നിങ്ങനെ ഭൂരഹിതർക്ക്/ദളിതർക്ക് വിതരണം ചെയ്യാൻ കഴിയുമായിരുന്ന മുഴുവൻ ഭൂപ്രദേശങ്ങളും വിവിധങ്ങളായ നിയമക്കുരുക്കുകളിൽ ഉൾപ്പെടുത്തി സർക്കാരും സമ്പന്നരും ഉപയോഗിച്ചുവരുന്നു. കാർഷികമേഖല ഒന്നടങ്കം തകർന്നടിയുകയും ഭക്ഷ്യക്ഷാമത്തിലേക്ക് കേരളം ചെന്നെത്തുകയും ചെയ്തു.

കൃഷിയും മാർക്കറ്റും തമ്മിലുള്ള ഒത്തുകളി ഇവിടെ മനസ്സിലാക്കേണ്ടതുണ്ട്. നാടൻ കൃഷിയിനങ്ങളെ കഴിവതും പരാജയപ്പെടുത്താനാണ് കച്ചവടക്കാർക്ക് താല്പര്യം. കാരണം അവരെ സംബന്ധിച്ചിടത്തോളം ഉയർന്ന വിലകുറയരുത് എന്ന് ആഗ്രഹിക്കുന്ന അത്യാഗ്രഹികളുടെ മനസ്സുള്ളവരായിത്തീർന്നിരിക്കുന്നു. നാടൻ

പച്ചക്കറി കാർഷികരോടുള്ള അവരുടെ മനോഭാവം മാത്രം എടുത്തു നോക്കിയാൽ ഇത് വ്യക്തമാവലും. പകുതിവിലയ്ക്കുമാത്രം നാടൻപച്ചക്കറികൾ വാങ്ങാൻ തയ്യാറാവുന്നകച്ചവടക്കാർ വിലകൂടുതലുള്ള ഒരു വിദേശ ഇറക്കുമതിയെയാണ് കാത്തിരിക്കുന്നത് എന്നു വ്യക്തം. ഭക്ഷ്യകൃഷിയ്ക്കു സംഭവിക്കുന്ന തിരിച്ചടിയിൽ കേരളത്തിന്റെ ജാതിവ്യവസ്ഥ ഒളിഞ്ഞിരിപ്പുണ്ട്. കൂടാതെ അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങളുടെ ദുരന്തപ്രതിഫലനങ്ങളും വിസർജ്ജ്യങ്ങൾ ഒഴുകിപോകുവാനുള്ള ഇടമില്ലായ്മയിൽ നിന്നുമാണ് മാരകരോഗങ്ങൾക്ക് ഉടലെടുക്കുന്നത് എന്ന് ആലപ്പുഴയിലെ പരിസ്ഥിതിപഠനങ്ങളിൽ നിന്നും വ്യക്തമാകുന്ന വസ്തുതയാണ്. യഥാർത്ഥ കർഷകർക്ക് ഭൂമി നൽകിയില്ല എന്നുമാത്രമല്ല അവരെക്കൊണ്ട് പരമ്പരാഗതമായ തൊഴിലിൽ ഏർപ്പെടുവാൻ ഭരണക്കാരും ഭൂവുടമകളും നിർബന്ധിക്കുകയായിരുന്നു. പുലയരും പറയരുമടങ്ങുന്ന ഒരു ജനത എക്കാലവും മണ്ണിൽ പണിതുകൊള്ളണം എന്ന ജാതിവ്യവസ്ഥയുടെ അലിഖിതനിയമമാണ് ഇവിടെ പ്രവർത്തിച്ചത്. എന്നാൽ അവർക്ക് ഭൂമിയുടെ അവകാശം നൽകാൻ സർക്കാരുകൾ തയ്യാറായിരുന്നതേയില്ല. ദളിതരിൽ കുറച്ചുകുടുംബങ്ങളെങ്കിലും വാങ്ങിയ ഭൂമിയാകട്ടെ ബാങ്കുകളിലും, ബ്ലയിഡ് ബാങ്കുകളിലും വലിയതരത്തിലുള്ള ബാധ്യതയുണ്ടാക്കിക്കൊണ്ടുള്ളതുമായിരുന്നു. ഇവിടെയാണ് കുട്ടനാടൻ പ്രദേശത്തെ പരിവർജ്ജകാവസ്ഥയുടെ രീതി മനസ്സിലാക്കേണ്ടത്. ഭൂമിക്ക് അവകാശം നൽകാതെ, ഭൂമിയിൽ പണിയാൻ, ആവശ്യപ്പെടുകയും ഇതര സമുദായങ്ങൾ മറ്റു സാമ്പത്തിക മേഖല കണ്ടെത്തുകയൊ സൃഷ്ടിക്കുകയൊ ചെയ്തപ്പോൾ ദളിതർ പരമ്പരാഗത ജാതി അടിമത്തത്തിന്റെ ബലതന്ത്രങ്ങളിൽ നിന്നും മാറുവാൻ തീരുമാനിച്ചു. പുതിയതൊഴിൽ മേഖല തേടിത്തുടങ്ങി. ഈയൊരു സാമൂഹ്യ ചലനത്തെയാണ് ഇപ്പോൾ കൃഷിപ്പണിക്ക് ആളെക്കിട്ടുന്നില്ല എന്നപേരിൽ സവർണ്ണകർഷകർ അവരുടെ സവർണ്ണ മാധ്യമങ്ങളിലൂടെ എക്കാലവും പ്രചരിപ്പിച്ചത്.

ഇത് ആളെ കിട്ടായ്കയുടെ പ്രശ്നമല്ല. കേരളത്തിലെ ജനതയെ തീറ്റിപോറ്റാൻ പുലയനും പറയനും തയ്യാറാവുമ്പോൾ മറിച്ച് അവർക്ക് എന്തു മടക്കി നൽകി എന്നു പറയാനുള്ള ബാധ്യത ഈ സർക്കാരുകൾക്കും, ജനപ്രതിനിധികൾക്കും സമ്പന്ന-സവർണ്ണ ഭൂവുടമകൾക്കുമുണ്ട്. നിങ്ങൾ അവർക്ക് ഒന്നും മടക്കി നൽകിയിട്ടില്ല. അവർക്ക് നല്ല ഭവനങ്ങളോ, സ്വന്തമായി ഭൂമിയൊ, ആത്മാഭിമാനമോ, തുല്യതയോ, വിദ്യാഭ്യാസമോ ഒന്നും നൽകിയില്ല. ദളിതർ സ്വന്തം അധ്വാനത്തിലൂടെ നേടിയെടുത്തതുമാത്രമാണ് അവർക്കുള്ള തോരോന്നും. അതുകൊണ്ടുതന്നെ ദളിതർക്ക് കൃഷിഭൂമി നൽകുവാനുള്ള സാമാന്യ മര്യാദയാണ് ഇന്ത്യൻ ഭരണഘടനയെ തൊട്ട് പ്രതിജ്ഞ ചെയ്തവർ ആദ്യം പാലിക്കേണ്ടത്. അതിനുകഴിയുന്നില്ലെങ്കിൽ വീട്ടിൽപ്പോയിരിക്കുക. ഞങ്ങൾ ഇതേ ഭരണഘടനയെ ഭംഗിയായി പ്രവർത്തിച്ചു കാണിച്ചുതരാം.

പരിസ്ഥിതിക്കുമേൽ നടത്തിക്കൊണ്ടിരിക്കുന്ന അശാസ്ത്രീയ സമീപനങ്ങളും, മണ്ണെടുക്കലും, വയൽനകത്തലും, സ്വാഭാവികമായ ജലഒഴുക്കിനെ തടയുന്നതിന് കാരണമായിട്ടുണ്ട്. കുട്ടനാട്ടിൽ ഇത് സംഭവിച്ചതിന്റെ പ്രതിഫലനമാണ് നിനച്ചിരിക്കാതെ പെയ്ത മഴയിൽ ഒഴുകിപ്പോകാതെ കെട്ടിക്കിടന്ന ജലം. അവിടെയും ദളിതർ രണ്ടു രീതിയിൽ വഞ്ചിതരായിരിക്കുന്നു. കാർഷിക നഷ്ടപരിഹാരം കർഷകർക്കാണ് ലഭിക്കുക. കർഷകതൊഴിലാളികൾക്കല്ല. യന്ത്രങ്ങൾ വ്യാപകമാക്കാൻ കേരളത്തിൽ മൗനാനുമതി നേടുന്നതിൽ കർഷകർ വിജയിപ്പിച്ചിരിക്കുന്നു. എന്നാൽ അവിടുത്തെ കർഷകത്തൊഴിലാളികൾ എന്ന ദളിതർക്ക് ഭൂമി നൽകുന്ന കാര്യം ചർച്ച ചെയ്യുന്നതേയില്ല. ഏറ്റവും വഞ്ചനാപരമായ മറ്റൊരു കാര്യമുണ്ട്. കൊയ്ത്തിനെമാത്രം ആശ്രയിച്ച് ജീവിക്കുന്ന ആയിരക്കണക്കിന് കുടുംബങ്ങളാണ് ഇപ്പോൾ പട്ടിണിയിലായത് എന്ന വസ്തുത. ഏതെങ്കിലും ഒരു കർഷകതൊഴിലാളി യൂണിയന്റെ അടിമ സമ്പ്രദായം കൊണ്ട്പരിഹരിക്കാൻ കഴിയുന്നതല്ല യഥാർത്ഥ ദളിത അവസ്ഥ എന്നാണിത് കാണിക്കുന്നത്. തോട്ടം മേഖലയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതും ഇതിൽ നിന്നും ഭിന്നമല്ലാത്ത കാര്യങ്ങളാണ്. ടാറ്റാ പോലെയുള്ള കുത്തകകൾ മറ്റു മേഖലകളിലേക്ക് ഭൂമിയുടെ മൂലധനത്തെ ഉപയോഗിച്ചുകഴിഞ്ഞിരിക്കുന്നു. ചെറുകിടതോട്ടങ്ങൾ പലതും പ്രതിസന്ധിയിലായിടും അവയെ സർക്കാർ ഏറ്റെടുക്കുന്നില്ല എന്നുമാത്രമല്ല കൂടുതൽ സബ്സിഡികൾ നൽകിക്കൊണ്ട് സമ്പന്നരായ മാനേജുമെന്റുകളെ സഹായിക്കുക മാത്രമാണ് ചെയ്യുന്നത്. ഇങ്ങനെ പൂട്ടിപ്പോകുമ്പോൾ വഴിയാധാരമാകുന്ന തൊഴിലാളികളെ കുറിച്ച് ഭരണപ്രതിപക്ഷത്തിന് യാതൊന്നും അറിയേണ്ടതില്ല. വണ്ടിപെരിയാറിനടുത്ത് വഞ്ചിവയൽ എസ്റ്റേറ്റിൽ ഇങ്ങനെ പൂട്ടിപ്പോയതിനെത്തുടർന്ന് തൊഴിലാളികൾ ഭൂമി അളന്നുതിരിച്ച് ഭൂമി കൈവശപ്പെടുത്തിയപ്പോൾ, അത് ഭൂരഹിതരായആ തൊഴിലാളികൾക്ക് നൽകിയില്ല എന്നു മാത്രമല്ല സർവ്വകക്ഷിയോഗം എന്ന പേരിൽ ഇടതു വലതു പാർട്ടികളുടെ ട്രേഡ് യൂണിയൻ സവർണ്ണ നേതാക്കൾ ഒന്നിച്ചിരുന്ന് തൊഴിലാളികളുടെ ഇടപെടലുകളെ നിശബ്ദമാക്കുകയാണ് ചെയ്തത്.

കേരളത്തിലെ തോട്ടം, പാട്ടം തൊഴിലാളികളുടെ പ്രശ്നം, ഭൂരഹിതരുടെ പ്രശ്നം 90% ത്തിനു മേൽ വരുന്ന ദളിതരുടെ പ്രശ്നമാണ്. ആദിവാസികളുടെ പ്രശ്നമാണ്. ഇവയ്ക്ക് പരിഹാരം നേടിക്കൊണ്ടു മാത്രമേ ഇത്തരം ചോദ്യത്തിന് ഉത്തരം കണ്ടെത്താനാവൂ. ഇത് കേരളത്തിലെ രാഷ്ട്രീയാധികാരത്തിനുള്ളിൽ പ്രവർത്തിക്കുന്ന മറച്ചുവച്ച ജാതിവ്യവസ്ഥയുടെ ചോദ്യമാണ് . ഇത് കേരളത്തിലെ നിയമസഭയിൽ നാവിറങ്ങിപ്പോയ ദളിത് ജനപ്രതിനിധികളായ കക്ഷിരാഷ്ട്രീയ പാർട്ടികളുടെ ചട്ടുകങ്ങളായ (ചംപ) ഒരുപടി അരാഷ്ട്രീയവാദികളെ ഒഴിവാക്കിക്കൊണ്ട് ദളിതർ നടത്തേണ്ടുന്ന രാഷ്ട്രീയാധികാരത്തിന്റെ പ്രശ്നമാണ്. ഇത് വിദേശ കുത്തകകളെ കെട്ടുകെട്ടിക്കുന്ന, ആഗോളവൽക്കരണത്തെ മറികടക്കാനുള്ള ദളിത-ബഹുജനങ്ങളുടെ സമഗ്രാധികാരത്തിന്റെ പ്രശ്നമാണ്.

ചെങ്ങറ ഭൂസമരം ഉയർത്തുന്ന ചില ഉത്തരങ്ങൾ ദളിതരുടെ ദിശബോധത്തിന് മാർഗ്ഗദർശകങ്ങളാകുന്നവയാണ്. കേരളത്തിലെ ദളിത് ജനവിഭാഗങ്ങളിൽ പ്രബലജാതി സമൂഹങ്ങളിൽനിന്നും മാറി നിന്ന വിഭാഗ

ങ്ങൾ ഭൂമിക്കായുള്ള ആവശ്യകത ഉയർത്തിക്കൊണ്ടുവന്നു എന്നത് അതിന്റെ പ്രാധാന്യത്തെക്കാണിക്കുന്നു. ആദിവാസികളിൽ നിന്നും ആദിവാസി സമാനരായ കുറവരിൽ നിന്നും ഇത്തരമൊരു സമരം ഉയർന്നുവന്നത് ആകർഷണീയമായ വസ്തുതയാണ്. സി.കെ. ജാനുവിൽ നിന്നും വേടർ സമൂഹത്തിൽ നിന്നും ഉയർന്നുവന്ന ഭൂസമരം ചില നല്ല സൂചനകളെ പൊതുസമൂഹത്തിനുമുന്നിൽ വയ്ക്കുന്നുണ്ട്. ആദിവാസികളിലെ പ്രബല സമൂഹങ്ങൾക്കു കൂടി പങ്കെടുക്കാവുന്ന തുറന്ന ബോധത്തിലേക്ക് ഇത്തരം ബോധം വികേന്ദ്രീകരിക്കുന്നുണ്ട്. അതിനു സമാനമാണ് ദളിതരുടെ പ്രബലജാതി വിഭാഗങ്ങൾക്കും, ക്രൈസ്തവ ദളിതർക്കും പങ്കെടുക്കാവുന്ന ഭൂ അവകാശമായി ചെങ്ങറ സമരം പരിവർത്തിതമാകുന്നത്. അതുപോലെ ഇത് ഒരു നവജനാധിപത്യ വാദികളുടെ ഐക്യവും, പിന്തുണയും നേടുന്ന സമരമായിത്തീർന്നു എന്നതും വർത്തമാന സാമൂഹ്യ-രാഷ്ട്രീയ മണ്ഡലത്തിന്റെ ധ്രുവീകരണങ്ങളെ കാണിക്കുന്നുണ്ട്. സ്ത്രീകൾ, ലൈംഗികത്തൊഴിലുപ ജീവനക്കാർ, ചേരിവാസികൾ, ക്രൈസ്തവ ദളിതർ, പരിസ്ഥിതി പ്രവർത്തകർ, കലാകാരൻമാർ, വിദേശത്തുനിന്നെത്തുന്ന ജനാധിപത്യവാദികൾ, ജനാധിപത്യ വാദികൾ, യാന്ത്രികമാർക്സിസത്തിനു പുറത്തു നിൽക്കുന്ന മാർക്സിയൻ ഡെമോക്രാറ്റുകൾ, ബഹുജൻ സമൂഹങ്ങൾ, ഫോക്ലോർ പ്രവർത്തകർ തുടങ്ങിയ നവജനാധിപത്യത്തിന്റെ വൈവിധ്യങ്ങളുടെ ഒരു ശൃംഖലയിലൂടെയാണ് ചെങ്ങറസമരം നവസമൂഹത്തിന് പുതുജനാധിപത്യബോധവും നിർമ്മിതിയും സായത്തമാക്കിക്കൊടുക്കുന്നത്.

ഇങ്ങനെയൊരു കൂടിച്ചേരലിന് കൂടുതൽ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടിവരും എന്നതാണ് ഈ സമരങ്ങളുടെ തുടർച്ചയും. കാരണം അതാത് സർക്കാരുകൾക്കു മുന്നിൽ നിവേദനങ്ങളും, മെമ്മോറാണ്ടങ്ങളും സമർപ്പിക്കുന്ന കൊച്ചു കൊച്ചു പ്രക്ഷോഭങ്ങളുടെ തുരുത്തുകളായി നവജനാധിപത്യസമരങ്ങളെയും വിഭവാധികാരസമരങ്ങളെയും നമുക്ക് ചുരുക്കിക്കാണാനാവില്ല. അത് ജാതിവ്യവസ്ഥയുടെ തുടർച്ചപോലെയായിത്തീരും. ജന്മിയിൽ അധികാരവും സമ്പത്തുമേൽപിച്ചിട്ട് ദയാദാക്ഷിണ്യത്തിനായി കാത്തുനിൽക്കുന്നതു പോലെ പിന്തിരിപ്പൻ ചിന്തയാണത്. പാൽസൊസൈറ്റി മുതൽ പാർലമെന്റുവരെയും സ്വയംഭരണ പ്രദേശം മുതൽ യു.എൻ.ഒ വരേയും പ്രതിനിധാനത്തിന്റെ ജനാധിപത്യം ഉറപ്പാക്കാനുള്ള ഒരു പ്രക്രിയ അതിനു മുന്നിലും പിന്നിലും നമുക്കാവശ്യമാണ്. അത് പങ്കാളിത്ത ജനാധിപത്യത്തിനും അപ്പുറത്തു പ്രവേശിക്കേണ്ട ഒന്നാണ്. അങ്ങനെ പ്രവേശിക്കേണ്ടുന്ന ദീർഘദൂര സമീപനത്തിലൂടെയാണ് ചെങ്ങറ ഉയർത്തുന്ന പ്രശ്നങ്ങളുടെ ആത്യന്തിക ഉത്തരം സമാഹരിക്കേണ്ടത്. കൃഷിഭൂമി നേടികൊണ്ട് ചെങ്ങറ ഭൂസമരം ഒത്തുതീർപ്പാക്കേണ്ടത് അതിന്റെ ഒന്നാമത്തെ വിജയം മാത്രമായിരിക്കണം. ചെങ്ങറഭൂസമയം ഒരു കാരണവശാലും പരാജയപ്പെടാൻ പാടില്ല. അതിന് അതിവിശാലമായ ബഹുജന പിന്തുണ ആവശ്യമാണ്. നവജനാധിപത്യവാദികളിൽ നിന്നും അത് നേടുന്നതിൽ കുറച്ച് കൂടി മുന്നോട്ടുപോകുവാൻ സമരത്തിനു കഴിഞ്ഞിട്ടുണ്ട്. എന്നാൽ ദളിതരിലെ ജനസംഖ്യകൂടുതലുള്ള ജാതികൾ, ദളിതരുടെ നേതൃനിരയിലുള്ള ദേശീയപാർട്ടികൾ പ്രത്യേകിച്ച് ബി.എസ്.പി. പോലെയുള്ളവയുടെ പിൻതുണയാർജ്ജിക്കുന്നതിലും സേവനം ഉറപ്പാക്കുന്നതിലും കുറച്ച് കൂടി ഊർജ്ജസ്വലമാവാൻ സമരത്തിന്റെ മുന്നണിപ്പോരാളികൾക്കും നവജനാധിപത്യവാദികൾക്കും കഴിയണം. എന്തുകൊണ്ടെന്നാൽ വി.എസ്.അച്യുതാനന്ദനിൽ പ്രതീക്ഷയർപ്പിച്ച് പരാജയപ്പെട്ടുപോയവരാണ് ഒരു വലിയ വിഭാഗം പിന്നണി ജനത. അതുകൊണ്ടുതന്നെ ഭരണ സാധ്യത ഉപയോഗിക്കാതെ ഭൂ സമരത്തെ വിജയലക്ഷ്യത്തിലെത്തിക്കുന്നതിൽ കടമ്പകളേറെയാണുള്ളത്.

കേരളത്തിലെ മുഴവൻ വ്യക്തികൾക്കുമായി കേരളത്തെ വീതിച്ചാൽ സെന്റുകൾ മാത്രമായിരിക്കും ഓരോരുത്തർക്കും ലഭിക്കുക എന്നാണ് ചില പണ്ഡിതന്മാർ അവകാശപ്പെടുന്നത്. അങ്ങനെയെങ്കിൽ ഭൂമിയുടെ ദേശസാത്ക്കരണത്തിന് പ്രാപ്തമാവുന്ന ഒരു സർക്കാറിനെ നിർമ്മിക്കാൻ ഈ പണ്ഡിതന്മാർ ബാധ്യസ്ഥരാവണം. കാർഷികമേഖലയിലെ ഉണർവും, പരമ്പരാഗത ജാതി തൊഴിൽ മേഖലയിൽ നിന്നുള്ള വിമോചനവും സാധ്യമാക്കാം. കാർഷിക-നാണ്യമേഖലയിൽ ഒരു നവോത്ഥാനം ആരംഭിക്കാം. വിദ്യാഭ്യാസത്തിന്റെയും കച്ചവടം, മീഡിയ, വിദേശ തൊഴിൽ, ആത്മീയത, എൻ.ജി.ഒ. തുടങ്ങിയ ഓരോ മേഖലയിലും ആഗോളവൽക്കരണത്തെ മറികടക്കാനുള്ള തുറവികൾ ദളിതർക്കും വിതരണം ചെയ്യാൻ സന്നദ്ധമാവട്ടെ. എലിക്കെണിപോലെയുള്ള കോളനികളിൽ നിന്നും വിസർജ്ജ്യമാലിന്യം കുമിയുന്ന പുറമ്പോക്കുകളിൽ നിന്നും ദളിതരും ദരിദ്രരും സൗകര്യങ്ങളുള്ള ഫ്ളാറ്റുകളിലേക്കും ഭവനങ്ങളിലേക്കും മാറുന്നതിനെക്കുറിച്ച് തീരുമാനിക്കുക. ഇങ്ങനെയൊരു അധികാരവിഭവ വിതരണം സാധ്യമാകുന്നതിനെ കുറിച്ച് ആലോചിക്കൂ. അല്ലാതെ വെറുതെ വഴിമുടക്കികളായി നിൽക്കരുത്.

ചെങ്ങറ ഭൂസമരം ഇത്തരത്തിൽ നിരവധി ഉത്തരങ്ങളിലേക്കുള്ള വഴികൾ തുറന്നുവയ്ക്കുന്നുണ്ട്. അത് ദളിത് ദർശനത്തെ ഉയർത്തിപ്പിടിക്കാൻ ശ്രമിക്കുന്നുണ്ട്. ഡോ. അംബേദ്കറും, ഭഗവാൻ ബുദ്ധനും, മഹാത്മ അയ്യൻകാളിയും, പൊയ്കയിൽ കുമാരഗുരുദേവനും അവർക്കുമാതൃകയാണെന്ന് അവർ ലോകത്തോടു വിളിച്ചുപറയുന്നുണ്ട്. ഇതൊന്നും ഇന്നത്തെ ജനപ്രതിനിധികൾക്ക് ദഹിക്കുന്നതല്ലെങ്കിൽ, ഭൂമി നൽകാതെ ചെങ്ങറയിൽ നിന്ന് സമരം ചെയ്യുന്നവരെ വഴിയാധാരമാക്കുമെങ്കിൽ, ഇ.എം. എസ്സിന്റെയൊ, ഇന്ദിരാഗാന്ധിയുടെയാ പിൻമുറക്കാരായ ജനപ്രതിനിധികളെ നിയമസഭയിൽ നിന്നും, പാർലമെന്റിൽ നിന്നും പുറത്തിറക്കി ആസ്ഥാനത്ത് ഇരുന്നുകൊണ്ട് ഭൂമി വിതരണം ചെയ്യാനും ജനാധിപത്യമെന്താണെന്ന് മനസ്സിലാക്കികൊടുക്കാനുമുള്ള ആർജ്ജവം ദളിത്-ബഹുജനങ്ങളിലെ പുതുതലമുറ നേടിടെയെടുക്കണം. സി.കെ. ജാനുവും, ളാഹ ഗോപാലനും , ഗ്രോവാസുവും സണ്ണി എം. കപിക്കാടും ഒക്കെ മന്ത്രിയും മുഖ്യമന്ത്രിയും ഒക്കെയായിക്കൊണ്ട് പുതിയ തലമുറയുടെ ആർജ്ജവത്തിന് മാതൃകയാകുമെന്ന് പ്രതീക്ഷിക്കാം.

*C/o. പൊടിമറ്റത്തിൽ വീട്,*
*അതിരമ്പുഴ പി.ഒ., കോട്ടയം*